**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 72** | **30-06-2022 - ൽ മറുപടിയ്ക്ക്**

**ജില്ലകളിൽ സാംസ്കാരിക സമുച്ചയങ്ങൾ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ ഐ ബി സതീഷ്,<br>ശ്രീ. പി. ടി. എ. റഹീം,<br>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി** | | **ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി)** | |
| (എ) | നാടിന്റെ ബഹുസ്വരത ഉയർത്തിപ്പിടിച്ചുകൊണ്ടുള്ള സാംസ്കാരിക പ്രവർത്തനങ്ങൾക്കുള്ള ഇടങ്ങൾ എന്ന നിലയിൽ ആവിഷ്കരിച്ച ജില്ലകളിൽ സാംസ്കാരിക സമുച്ചയങ്ങൾ എന്ന പദ്ധതി ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ; ഇവ സ്ഥാപിക്കുന്നതിലൂടെ എന്തെല്ലാം കാര്യങ്ങളാണ് ലക്ഷ്യമിടുന്നത്; വിശദാംശം നൽകാമോ; | (എ) | കേരളത്തിന്റെ സമ്പന്നമായ സാംസ്കാരിക പൈതൃക സംരക്ഷണത്തിനും വ്യാപനത്തിനും പ്രോത്സാഹനത്തിനുമായി സംസ്ഥാനത്തെ എല്ലാ ജില്ലാ കേന്ദ്രങ്ങളിലും, നവോത്ഥാന നായകരുടെ നാമധേയത്തിൽ സ്ഥാപിക്കുന്ന ബൃഹത്തായ സാംസ്കാരിക സമുച്ചയങ്ങൾ നിർമ്മാണപ്രവർത്തനങ്ങളുടെ വിവിധ ഘട്ടങ്ങളിലാണ്. **'ജില്ലകളിൽ സാംസ്കാരിക സമുച്ചയങ്ങൾ' എന്ന പദ്ധതിയുടെ തൽസ്ഥിതി റിപ്പോർട്ട് അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു.** നാടിന്റെ കലാസംസ്കാരിക രംഗം ചലനാത്മകമാക്കാനുതകുന്ന ഒരു പദ്ധതി രാജ്യത്ത് ഇദംപ്രഥമമാണ് എന്നു കരുതുന്നു. നൃത്ത, സംഗീത നാടകങ്ങൾ, നാടോടി അനുഷ്ഠാന കലാരൂപങ്ങൾ, ചിത്രശില്പ രചനകൾ എന്നു വേണ്ട എല്ലാവിധ കലാസാഹിത്യ പ്രവർത്തനങ്ങൾക്കും ഒരു സജീവ പ്രയോഗ കേന്ദ്രമായി ഈ സമുച്ചയങ്ങൾ മാറുന്നതാണ്. മാനുഷികത, സാഹോദര്യം, ജനാധിപത്യം തുടങ്ങിയ മൂല്യങ്ങളിൽ അധിഷ്ഠിതമായതും കേരളത്തിന്റെ തനത് സാംസ്കാരിക മൂല്യങ്ങൾ പ്രചരിപ്പിക്കുന്നതുമാവും ഈ സാംസ്കാരിക സമുച്ചയങ്ങൾ.ഓരോ സമുച്ചയത്തിലും നൃത്ത, സംഗീത, നാടക ശാലകൾ, ആഡിറ്റോറിയങ്ങൾ, ചലച്ചിത്ര പ്രദർശന ഹാളുകൾ, ഗ്രന്ഥശാലകൾ, ശില്പികൾക്കും കരകൗശല വിദഗ്ധർക്കുമുള്ള പണിപ്പുരകൾ, കലാസൃഷ്ടി പ്രദർശന ശാലകൾ, ഹ്രസ്വകാല താമസ സൗകര്യങ്ങൾ, ഓപ്പൺ എയർ ഓഡിറ്റോറിയം, ശില്പോദ്യാനം തുടങ്ങിയവയാണ് സജ്ജീകരിക്കുന്നത്. |
| (ബി) | കേരളത്തിന്റെ പരമ്പരാഗതമായ കല-കരകൗശല വിദ്യകൾ സംരക്ഷിക്കാനും അറിവുകൾ അടുത്ത തലമുറയ്ക്ക് കൈമാറാനും കഴിയുന്നതിനുതകും വിധം | (ബി) | സമ്പന്നമായ സാംസ്കാരിക പൈതൃകമുള്ള സ്ഥലങ്ങളിലും പരമ്പരാഗത കരകൗശല വസ്തുക്കളുടെ നിർമ്മാണത്തിൽ ഏർപ്പെട്ടിരിക്കുന്ന ആളുകളിലും |

| | |
|---|---|
| പ്രശസ്തമായ ഗ്രാമങ്ങളെ സാംസ്കാരിക പൈതൃക ഗ്രാമങ്ങളായി പ്രഖ്യാപിക്കുന്ന പദ്ധതി പരിഗണനയിലുണ്ടോ; എങ്കിൽ ഇതിലൂടെ എന്തെല്ലാം കാര്യങ്ങളാണ് ലക്ഷ്യമിടുന്നതെന്ന് വിശദമാക്കാമോ? | നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന  പദ്ധതിയാണ് സാംസ്കാരിക പൈതൃകഗ്രാമം പദ്ധതി. പൈതൃക ഗ്രാമങ്ങളിലെ അടിസ്ഥാന സൗകര്യ വികസനത്തോടൊപ്പം കേരളത്തിന്റെ പരമ്പരാഗതമായ കലാപൈതൃകം സംരക്ഷിക്കുകയും വരും തലമുറയിലേയ്ക്ക് പ്രചരിപ്പിക്കുകയും ചെയ്യുക എന്നതാണ് പദ്ധതിയുടെ പ്രധാനലക്ഷ്യം. കേരളത്തിന്റെ സമ്പന്നമായ പൈതൃകത്തെ പ്രതിഫലിപ്പിക്കുന്ന നാടൻ പാരമ്പര്യങ്ങളും കലകളും കരകൗശലവസ്തുക്കളും പ്രദർശിപ്പിക്കാനാണ് ഈ പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. കേരളത്തിലെ കലാഗ്രാമങ്ങളേയും പൈതൃകഗ്രാമങ്ങളേയും കരകൗശല ഗ്രാമങ്ങളേയും കോർത്തിണക്കുന്ന ബൃഹത്പദ്ധതിയാണ് പൈതൃകഗ്രാമം പദ്ധതി. ഈ സാമ്പത്തിക വർഷം പദ്ധതിക്ക് ഒരു കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. (ഉത്തരവിന്റെ പകർപ്പ് അനുബന്ധം-2ൽ ക്രമനമ്പർ-9 ആയി ചേർത്തിട്ടുണ്ട്). പദ്ധതി ആരംഭ ദശയിലാണ്.<br><br>സംസ്ഥാനത്തെ ഗ്രാമീണ കലാകാരന്മാരുടേയും കരകൗശല വിദഗ്ധരുടേയും ഉപജീവന സുസ്ഥിരത ഉറപ്പാക്കുക, അവരുടെ നൈപുണ്യം ശക്തിപ്പെടുത്തുക, ഇടനിലക്കാരുടെ ചൂഷണം ഒഴിവാക്കി ഈടുറ്റ വിപണി ബന്ധങ്ങൾ സ്ഥാപിക്കുക എന്നീ ലക്ഷ്യങ്ങളോടെ ആരംഭിച്ച പദ്ധതിയാണ് കലാകാരൻമാരുടെ ഉപജീവനം അഥവാ ഗ്രാമീണ കലാകേന്ദ്രം പദ്ധതി (റൂറൽ ആർട്ട് ഹബ് പദ്ധതി). സംസ്കാരിക വകുപ്പിനു കീഴിലുള്ള വാസ്തുവിദ്യാ ഗുരുകുലമാണ് പദ്ധതിയുടെ നിർവ്വഹണ ഏജൻസി. പദ്ധതി നിർവ്വഹണത്തിനായി നിർവ്വഹണ ഏജൻസിക്ക് സംസ്കാരിക വകുപ്പ് നൽകുന്ന പദ്ധതി വിഹിതം, ഡയറക്ടറേറ്റിൽ രജിസ്റ്റർ ചെയ്യുന്ന സ്വയം സഹായ സംഘങ്ങളുടെ പരിശീലനത്തിനും ഉപകരണ സാമഗ്രികളും അസംസ്കൃത വസ്തുക്കളും വാങ്ങുന്നതിനും മറ്റ് പദ്ധതി പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിനും വിനിയോഗിക്കാനാണ് ഉദ്ദേശിക്കുന്നത്. നിർവഹണ ഏജൻസി സംസ്ഥാനത്തൊട്ടാകെയുള്ള വിവിധ കരകൗശല കലാഗ്രാമങ്ങളിൽ സ്വയം സഹായ സംഘങ്ങൾ രൂപീകരിക്കുന്നതിനായി പ്രസ്തുത ഗ്രാമങ്ങൾ സന്ദർശിച്ച് ശിപാർശ നൽകുന്ന മുറയ്ക്ക് ഡയറക്ടേറ്റിൽ സംഘങ്ങളെ രജിസ്റ്റർ ചെയ്യുകയും അംഗീകൃത ഡി.പി.ആർ പ്രകാരം പദ്ധതിയിൻ കീഴിൽ നിലവിൽ ഉൾപ്പെടുത്തിയിട്ടുള്ള 20 ഗ്രാമങ്ങൾക്കു പുറമെ സാധ്യമായ എല്ലാ ഗ്രാമങ്ങളിലേക്കും പദ്ധതി വ്യാപിപ്പിക്കാനാണ് |

| | | | |
|---|---|---|---|
| | | | ഉദ്ദേശിക്കുന്നത്. ഈ പദ്ധതിയുടെ ഭാഗമായി 20 പൈതൃക ഗ്രാമങ്ങളിലെ 433 കലാകാരന്മാർക്ക് നൈപുണ്യ പരിശീലനം നൽകകയും 5 ലാരൂപങ്ങളിൽ 100 കലാകാരന്മാർക്ക് കലാപരിശീലനം നൽകുകയും ചെയ്തിട്ടുണ്ട്.<br><br>സ്വയം സഹായ സംഘങ്ങൾ കേന്ദ്രീകരിച്ചും ഓൺലൈനായും ഫ്രാഞ്ചസികൾ മുഖേനയും സാധ്യമായ എല്ലാ സാംസ്കാരിക സ്ഥാപനങ്ങളിലും ഷോപ്പിംഗ് വിൻഡോകൾ സ്ഥാപിച്ചും വിപണനം ശക്തിപ്പെടുത്താനുമാണ്  ലക്ഷ്യമിടുന്നത്. നിർവ്വഹണ ഏജൻസി വഴി സംസ്ഥാനത്തെ വിവിധ ജില്ലകളിൽ നിലവിലുള്ളതും പുതിയതായി രൂപീകരിക്കുന്നതുമായ സ്വയം സഹായ സംഘങ്ങൾക്ക് വിദഗ്ധ പരിശീലനം നൽകി, വിപണന മാർഗങ്ങൾ സൃഷ്ടിച്ച് അവയെ സ്വയം പര്യാപ്തമാക്കി പരമ്പരാഗത കരകൗശല ഉൽപ്പന്നങ്ങൾക്കൊപ്പം വിപണി ആവശ്യപ്പെടുന്ന പുത്തൻ ഡിസൈനുകൾ സൃഷ്ടിച്ച് പദ്ധതിയെ കൂടുതൽ ആകർഷകവും ഫലപ്രദവുമാക്കാനും ഉദ്ദേശിക്കുന്നു. ഈ സാമ്പത്തിക വർഷം 2.50 കോടി രൂപ പദ്ധതി പ്രവർത്തനങ്ങൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. (ഉത്തരവിന്റെ പകർപ്പ് അനുബന്ധം-2ൽ ക്രമനമ്പർ-3 ആയി ചേർത്തിട്ടുണ്ട്.) പൈതൃക ഗ്രാമം പദ്ധതിയും റൂറൽ ആർട്ട് ഹബ്ബ് പദ്ധതിയും പരസ്പര പൂരകങ്ങളാണ്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം I**

# സാംസ്കാരിക സമുച്ചയങ്ങളുടെ നിർമാണപുരോഗതി സംബന്ധിച്ച തൽസ്ഥിതി റിപ്പോർട്ട്

| ജില്ല | നിലവിലെ സ്ഥിതി |
|---|---|
| തിരുവനന്തപുരം | അനുയോജ്യമായ സ്ഥലം കണ്ടെത്തുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. |
| കൊല്ലം | നിർമ്മാണ പ്രവൃത്തികൾ അവസാന ഘട്ടത്തിലാണ്. |
| പത്തനംതിട്ട | അനുയോജ്യമായ ഭൂമി കണ്ടെത്തുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. |
| ആലപ്പുഴ | കിഫ്ബിയുടെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട് . ഭൂമിയുടെ കൈമാറ്റ നടപടികൾ അവസാനഘട്ടത്തിലാണ്. |
| കോട്ടയം | കിഫ്ബിയുടെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട് . ഭൂമിയുടെ കൈമാറ്റ നടപടികൾ അവസാനഘട്ടത്തിലാണ് |
| ഇടുക്കി | അനുയോജ്യമായ സ്ഥലം കണ്ടെത്തുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു |
| എറണാകുളം | അനുയോജ്യമായ സ്ഥലം കണ്ടെത്തുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു |
| തൃശ്ശൂർ | കിഫ്ബിയുടെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട് . ഭൂമിയുടെ കൈമാറ്റ നടപടികൾ അവസാനഘട്ടത്തിലാണ്. |
| പാലക്കാട് | എൻട്രൻസ് ബ്ലോക്ക് ഒഴികെയുള്ള ഭാഗങ്ങളുടെ നിർമാണ പ്രവൃത്തികൾ പുരോഗമിച്ചു വരുന്നു. |
| മലപ്പുറം | ഡി പി ആർ, കിഫ്ബി അംഗീകരിച്ചിട്ടുണ്ട് . ഭൂമി ഏറ്റെടുക്കൽ നടപടികൾ അന്തിമഘട്ടത്തിലാണ്. |
| കോഴിക്കോട് | സമുച്ചയത്തിനായി കണ്ടെത്തിയിട്ടുള്ള ഭൂമിയുടെ കൈമാറ്റ നടപടികൾ പുരോഗതിയിലാണ്. |
| കണ്ണൂർ | സമുച്ചയത്തിനായി കണ്ടെത്തിയിട്ടുള്ള ഭൂമിയുടെ കൈമാറ്റ നടപടികൾ പൂർത്തിയായി വരുന്നു. |
| വയനാട് | അനുയോജ്യമായ സ്ഥലം കണ്ടെത്തുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു . |
| കാസർഗോഡ് | നിർമ്മാണപ്രവർത്തനങ്ങൾ അവസാനഘട്ടത്തിലാണ് . |

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

സാംസ്കാരികകാര്യ വകുപ്പ്- 2022-23 സാമ്പത്തിക വർഷം സാംസ്കാരിക വകുപ്പദ്ധ്യക്ഷകാര്യാലയം നടപ്പിലാക്കുന്ന വിവിധ പദ്ധതികൾക്ക് ഭരണാനുമതി നൽകിയും തുക വിനിയോഗിക്കുന്നതിനു അനുമതി നൽകിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

സാംസ്കാരികകാര്യ(സി) വകുപ്പ്

സ.ഉ.(സാധാ) നം.324/2022/CLAD തീയതി,തിരുവനന്തപുരം, 25-05-2022

---

പരാമർശം:-

1. ബഹു.സാംസ്കാരിക വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ 07.09.2021-ന് ചേർന്ന യോഗനടപടികുറിപ്പ്
2. സാംസ്കാരിക വകുപ്പ് ഡയറക്ടറുടെ 23.04.2022-ലെ പി4-3795/22/സാം.വ നമ്പർ കത്ത്
3. 05.05.2022, 13.05.2022 തീയതികളിൽ ചേർന്ന വർക്കിംഗ് ഗ്രൂപ്പ് യോഗനടപടികുറിപ്പ്

<u>ഉത്തരവ്</u>

സാംസ്കാരിക വകുപ്പദ്ധ്യക്ഷകാര്യാലയം 2022-23 സാമ്പത്തിക വർഷം നടപ്പിലാക്കുന്ന വിവിധ പദ്ധതികൾക്ക് പരാമർശം (2) പ്രകാരം സാംസ്കാരിക വകുപ്പ് ഡയറക്ടർ പ്രൊപ്പസലുകൾ സമർപ്പിക്കുകയും ഭരണാനുമതിയ്ക്കായി അഭ്യർത്ഥിക്കുകയും ചെയ്തിരുന്നു. 05.05.2022, 13.05.2022 തീയതികളിൽ ചേർന്ന വർക്കിംഗ് ഗ്രൂപ്പ് യോഗം പ്രസ്തുത പ്രൊപ്പസലുകൾ പരിശോധിക്കുകയും അംഗീകരിക്കുകയും ചെയ്തു.

സർക്കാർ ഇക്കാര്യം പരിശോധിച്ചു. താഴെപ്പറയുന്ന പദ്ധതികൾ ചുവടെ പറയും പ്രകാരമുള്ള വിശദമായ പദ്ധതി ഘടകൾക്കായി വിനിയോഗിക്കുന്നതിന് ഭരണാനുമതി നൽകിയും തുക വിനിയോഗിക്കുന്നതിനു അനുമതി സാംസ്കാരിക വകുപ്പ് ഡയറക്ടർക്ക് നൽകിയും ഉത്തരവാകുന്നു.

1. <u>ഗെയിമിംഗ് ആനിമേഷൻ ഹാബിറ്റാറ്റ്:-</u>

<u>ബഡ്ജറ്റ് ശീർഷകം :- 2205-00-102-73 (പ്ലാൻ)</u>

തുക:- 50,00,000/- (അൻപത് ലക്ഷം രൂപ മാത്രം) രൂപ

(മുൻ വർഷത്തെ ഭരണാനുമതി ഉത്തരവ്- സ.ഉ.(സാധാ) നം.491/2021/സാം.കാ.വ തീയതി 21.12.2021 )

| ക്രമ നം. | ഇന വിവരം | എസ്റ്റിമേറ്റ് തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| 1 | ശില്പശാലകൾ ,യോഗങ്ങൾ | 5 |
| 2 | ഡി.പി.ആർ തയ്യാറാക്കൽ, ഡോക്യുമെന്റേഷൻ മറ്റ് പ്രവർത്തനങ്ങൾ | 25 |
| 3 | അനിമേഷൻ ഫിലിം | 20 |
| | ആകെ | 50 |

2. യുവകലാകാരന്മാർക്കുള്ള വജ്രജൂബിലി ഫെലോഷിപ്പ് പദ്ധതി

ബഡ്ജറ്റ് ശീർഷകം :- 2205-00-102-79 (പ്ലാൻ)

തുക:- 13,00,00,000- (പതിമൂന്ന് കോടി രൂപ മാത്രം) രൂപ

(മുൻ വർഷത്തെ ഭരണാനുമതി ഉത്തരവ്- സ.ഉ.(സാധാ) നം.132/2019/സാം.കാ.വ തീയതി 22.03.2019)

| ക്രമ നം. | ഇന വിവരം | എസ്റ്റിമേറ്റ് തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| 1 | കലാകാരന്മാർക്കുള്ള പ്രതിമാസ ഫെലോഷിപ്പ് വിതരണം | 1100 |
| 2 | പരിശീലനം, പരിശീലന സാമഗ്രികൾ | 15 |
| 3 | പദ്ധതി ഏകോപനം (ക്ലസ്റ്റർ കൺവീനർക്കും, ജില്ലാ കോ-ഓർഡിനേറ്റർക്കും സംസ്ഥാന കോ- | 75 |

| | | |
|---|---|---|
| | ഓർഡിനേറ്റർക്കും പ്രതിഫലം ) | |
| 4 | ജില്ലാ ക്ലസ്റ്റർതല അവലോകന യോഗങ്ങൾ | 15 |
| 5 | പ്രാദേശിക കലാപ്രകടനം, സംഘാടനം | 20 |
| 6 | സംഗീതോപകരണങ്ങൾ, പരിശീലന സാമഗ്രികൾ | 40 |
| 7 | കലാകാരന്മാർക്കും കോ-ഓർഡിനേറ്റർക്കും യാത്രാ ചെലവ് | 10 |
| 8 | പ്രചരണം, പ്രസിദ്ധീകരണം, പ്രമോഷൻ | 15 |
| 9 | മറ്റിനങ്ങൾ | 10 |
| | ആകെ | 1300 |

3. <u>കലാകാരന്മാരുടെ ഉപജീവനം/ഗ്രാമീണ കലാകേന്ദ്രം പദ്ധതി</u>

<u>ബഡ്ജറ്റ് ശീർഷകം :- 2205-00-102-71 (പ്ലാൻ)</u>

<u>തുക:-2,50,00,000/- (രണ്ട് കോടി അമ്പത് ലക്ഷം രൂപ മാത്രം) രൂപ</u>

(മുൻ വർഷത്തെ ഭരണാനുമതി ഉത്തരവുകൾ - സ.ഉ.(സാധാ) നം.275/2021/സാം.കാ.വ തീയതി 26.07.2021, സ.ഉ(സാധാ) 452/2021/സാം.കാ.വ തീയതി 26.11.2021, സ.ഉ.(സാധാ) നം.219/2022/സാം.ക.വ തീയതി 31.03.2022)

| ക്രമ നം. | ഇനം | എസ്റ്റിമേറ്റ് തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| 1 | സ്വയംസഹായ സംഘങ്ങളുടെയും ഉല്പാദന കേന്ദ്രങ്ങളുടെയും രൂപീകരണം | 122 |

| | | |
|---|---|---|
| 2 | വിപണി വികസനവും പരിശീലനവും | 35 |
| 3 | ഡിസൈൻ നവീകരണവും മൂല്യവർദ്ധനയും | 10 |
| 4 | പ്രൊമോഷൻ , ബ്രാന്റിംഗ് , പ്രസിദ്ധീകരണം | 13 |
| 5 | പദ്ധതി നിർവ്വഹണ ചെലവുകൾ | 35 |
| 6 | വകുപ്പുതല ഏകോപനം | 10 |
| 7 | നിർവ്വഹണ ഏജൻസിയുടെ സേവന ചാർജ്ജ് | 15 |
| 8 | കോ-ഓർഡിനേറ്ററുടെ വേതനം(മാർച്ച് മുതൽ ആഗസ്റ്റ് വരെ)<br><br>(26.11.2021 ലെ സ.ഉ(സാധാ) 452/2021/സാം.കാ.വ) | 2 |
| 9 | മറ്റിനങ്ങൾ | 8 |
| | ആകെ | 250 |

4. <u>നാട്ടരങ്ങ്</u>

<u>ബഡ്ജറ്റ് ശീർഷകം :- 2205-00-102-80 (പ്ലാൻ)</u>

<u>തുക:- 1,40,00,000/- (ഒരു കോടി നാൽപത് ലക്ഷം രൂപ മാത്രം) രൂപ</u>

**(മുൻ വർഷത്തെ ഭരണാനുമതി ഉത്തരവ്- സ.ഉ.(സാധാ) നം.276/2021/സാം.കാ.വ തീയതി 26.07.2021)**

| ക്രമ നം. | ഇനം | എസ്റ്റിമേറ്റ് തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| 1 | വള്ളിക്കുന്ന്,ചെങ്ങന്നൂർ നാട്ടരങ്ങുകൾക്ക് ബാക്കി അനുവദിച്ച് നൽകാനുള്ള തുക | 32 |
| 2 | പുതിയ നാട്ടരങ്ങുകൾ സ്ഥാപിക്കുന്നതിന് | 100* |
| 3 | നിർവ്വഹണ ഏജൻസിക്ക് തുക അനുവദിക്കുന്നതിന് മുൻപുള്ള സാങ്കേതിക പരിശോധന / മറ്റിനങ്ങൾ | 8 |
| ആകെ | | 140 |

* ഒരു നാട്ടരങ്ങിന്റെ നിർമ്മാണത്തിന് ആകെ 20 ലക്ഷം രൂപയാണ് നിലവിൽ ചെല കണക്കാക്കിയിട്ടുള്ളത്. 20-40 ലക്ഷം രൂപ വരെ ചെലവഴിച്ച് പ്രാദേശിക ആവശ്യ പ്രകാരം കൂട്ടുത സൗകര്യങ്ങൾ ഏർപ്പെടുത്തി നാട്ടരങ്ങുകൾ നിർമ്മിക്കാവുന്നതാണ്.

5. കേരള സംസ്കാര വ്യാപനം

ബഡ്ജറ്റ് ശീർഷകം :-2205-00-102-18 (പ്ലാൻ)

തുക:-1,10,00,000/- (ഒരു കോടി പത്ത് ലക്ഷം രൂപ മാത്രം) രൂപ

| ക്രമ നം. | ഇനം | എസ്റ്റിമേറ്റ് തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| 1 | സാംസ്കാരിക വകുപ്പിന്റെ വെബ് സൈറ്റിന്റെ ഡിജിറ്റൽ അപ്ഡേറ്റ് | 20 |
| 2 | കേരളത്തിന്റെ മൂർത്തവും അദൃശ്യവുമായ പൈതൃകത്തിനായുള്ള സാംസ്കാരിക ഭൂപടത്തിന്റെ വികസനം | 20 |
| 3 | കേരള സംസ്കാരത്തെക്കുറിച്ച് അവബോധം പ്രചരിപ്പിക്കുക | |
| | ദേശീയ അന്തർദേശീയ സാംസ്കാരിക വിനിമയ പരിപാടികൾ | |
| | ശില്പശാലകൾ , സെമിനാറുകൾ | |
| | വിവിധ കലാപരിപാടികൾ | |
| | കേരള കൾച്ചറൽ കോൺഗ്രസ് | |
| | സാംസ്കാരിക വകുപ്പിൽ വിവിധ പ്രോഗ്രാമുകൾ സംഘടിപ്പിക്കുന്നതിനും പ്രചരണങ്ങൾ നടത്തുന്നതിനുമായി അക്രഡിറ്റഡ് ഏജൻസികളെ എംപാനൽ ചെയ്യുന്നതിനുള്ള ചെലവ് | 70 |
| ആകെ | | 110 |

6.സാംസ്കാരിക വകുപ്പദ്ധ്യക്ഷ കാര്യാലയത്തിൽ ഇ-ഓഫീസ് സംവിധാനം നടപ്പിലാക്കുന്ന പദ്ധതി

ബഡ്ജറ്റ് ശീർഷകം :-2205-00-102-57 (പ്ലാൻ)

തുക:-10,00,000/- (പത്ത് ലക്ഷം രൂപ മാത്രം) രൂപ

**(മുൻ വർഷത്തെ ഭരണാനുമതി ഉത്തരവുകൾ - സ.ഉ.(സാധാ) നം.273/2021/സാം.കാ.വ തീയതി 26.07.2021, സ.ഉ.(സാധാ) നം.362/2021/സാം.കാ.വ തീയതി 30.09.2021)**

| ക്രമ നം. | ഇനം | എസ്റ്റിമേറ്റ് തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| 1 | വിവിധ സേവനങ്ങൾക്ക് ഓൺലൈൻ സോഫ്റ്റ് വെയർ വികസിപ്പിക്കുന്നതിന് ( സി ഡിറ്റ് മുഖേന | 8.5 |

| | | |
|---|---|---|
| | നടപ്പിലാക്കുന്നതിന്- രണ്ടാം ഗഡു) | |
| 2 | ഇ-ഓഫീസ് സംവിധാനം ഏർപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട് ഐ.റ്റി മിഷനിൽ നിന്നും പരിശീലനത്തിന് ചുമതലപ്പെടുത്തുന്ന വ്യക്തികളുടെ വേതനം, തൽസമയ സഹായ സംവിധാനങ്ങൾക്കുമായി വേണ്ടി വരുന്ന ചെലവ് | 1 |
| 3 | A4 Flatbed Scanner ( 5 എണ്ണം) | 0.5 |
| | ആകെ | 10 |

7.<u>സാംസ്കാരിക ഡയറക്ടറേറ്റ് സമുച്ചയ നിർമ്മാണം (പുതിയ പദ്ധതി)</u>

<u>ബഡ്ജറ്റ് ശീർഷകം :- 4202-04-800-85 (പ്ലാൻ)</u>

<u>തുക:- 2,00,00,000/- (രണ്ട് കോടി രൂപ മാത്രം) രൂപ</u>

സാംസ്കാരിക ഡയറക്ടറേറ്റ് ഉൾപ്പെടെ സാംസ്കാരിക സ്ഥാപനങ്ങൾ ഉൾപ്പെടുന്ന ഒരു ആസ്ഥാന മന്ദിരം നിർമ്മിക്കേണ്ടതാണെന്ന് പരാമർശം (1) പ്രകാരം തീരുമാനിച്ചിരുന്നു. സ്വന്തമായി ആസ്ഥാന മന്ദിരമില്ലാത്തതും തിരുവനന്തപുരം ജില്ലയിൽ പ്രവർത്തിക്കുന്നതുമായ സാംസ്കാരിക സ്ഥാപനങ്ങളും, മലയാളം മിഷൻ, സംസ്ഥാന സർവ്വ വിജ്ഞാനകോശം ഇൻസ്റ്റിറ്റ്യൂട്ട്, ബുക്ക് മാർക്ക്, ഉന്നതാധികാര സമിതി എന്നീ സ്ഥാപനങ്ങളും ലളിതകലാ അക്കാദമിയുടേയും വാസ്തുവിദ്യാ ഗുരുകുലത്തിന്റേയും പ്രദർശന ശാലകളും ഉൾപ്പെടുന്ന ഒരു സമുച്ചയമാണ് വിഭാവനം ചെയ്യുന്നത്.

നടപ്പ് സാമ്പത്തിക വർഷം താഴെപ്പറയുന്ന പദ്ധതി ഘടകങ്ങൾക്കായി തുക വിനിയോഗിക്കേണ്ടതാണ്.

| ക്രമ നം. | ഇനം | എസ്റ്റിമേറ്റ് തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| 1 | പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് ഒരു ഏജൻസിയെ കണ്ടെത്തുന്നതിനും ഡി.പി.ആർ തയ്യാറാക്കുന്നതിനും | 50 |
| 2 | പ്രാരംഭ നിർമ്മാണ ചെലവുകൾ | 140 |

| | | |
|---|---|---|
| | | |
| 3 | മറ്റ് അനുബന്ധ ചെലവുകൾക്ക് | 10 |
| | ആകെ | 200 |

8.മഴമിഴി - നവമാധ്യമ കലാപരിപാടി (പുതിയ പദ്ധതി)

ബഡ്ജറ്റ് ശീർഷകം :-2205-00-800-30(പ്ലാൻ)

തുക:-1,00,00,000/- (ഒരു കോടി രൂപ മാത്രം) മാത്രം

(മുൻ വർഷത്തെ ഭരണാനുമതി ഉത്തരവുകൾ - സ.ഉ.(സാധാ)നം.239/2021/സാം.കാ.വ തീയതി 02.07.2021, സ.ഉ.(സാധാ)നം.274/2021/സാം.കാ.വ തീയതി 26.07.2021, സ.ഉ (സാധാ)നം.62/2022/സാം.കാ.വ തീയതി 09.02.2022, സ.ഉ.(സാധാ)നം.104/2022/സാം.കാ.വ തീയതി 25.02.2022)

കോവിഡ്-19 മഹാമാരിയിലും വെള്ളപ്പൊക്കത്തിലും ഉപജീവന മാർഗ്ഗം നഷ്ടപ്പെട്ട കലാസമൂഹത്തിന് നാടൻ കലകൾ, ഗോത്ര കലകൾ, അനുഷ്ഠാന കലകൾ, ക്ലാസ്സിക്കൽ-സെമി ക്ലാസ്സിക്കൽ കലകൾ, നാടകം, മറ്റ് രംഗകലകൾ, അവതരണ കലകൾ, ചിത്രകല, ശില്പകല, കരകൗശലകല എന്നിവയുടെ അവതരണത്തിനായി ഡിജിറ്റൽ പ്ലാറ്റ് ഫോമുകൾ മുഖേനയും ഓഫ് ലൈനായും ലഭ്യമാക്കാനാണ് പദ്ധതി ഉദ്ദേശിക്കുന്നത്. ഭാരത് ഭവൻ മുഖേനയാണ് പദ്ധതി നടപ്പിലാക്കുന്നത്.

നടപ്പ് സാമ്പത്തിക വർഷം താഴെപ്പറയുന്ന പദ്ധതി ഘടകങ്ങൾക്കായി തുക വിനിയോഗിക്കേണ്ടതാണ്.

| ക്രമ നം. | ഇനം | എസ്റ്റിമേറ്റ് തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| 1 | 220 ഓളം വരുന്ന കലാസംഘങ്ങളിൽ ഒരു സംഘത്തിൽ 10 കലാപ്രവർത്തകരെ വീതം ഉൾപ്പെടുത്തി രണ്ടായിരത്തി ഇരുന്നൂറോളം | |

| | | |
|---|---|---|
| | കലാപ്രതിഭകളുടെ പ്രതിഫല തുക. 220 എന്ന നിലയിൽ ഒരു സംഘത്തിന് പ്രതിഫലമായി 30,000/- രൂപ വീതം അനുവദിച്ച് നൽകാവുന്നതാണ്. | 66 |
| 2 | കലാവിഷ്കാരങ്ങൾ കേരളത്തിന്റെ പലയിടങ്ങളിലായി ചിത്രീകരിക്കുന്നതിന് ക്യാം-3, ഹെലിക്യാം, സ്റ്റെഡി ക്യാം, 3- ക്യാം എഡിറ്റ് കൺട്രോൾ, ലൈറ്റ് യൂണിറ്റ്, സൗണ്ട് സിസ്റ്റം, ജനറേറ്റർ എന്നീ ഇനങ്ങളിലും അവതരണങ്ങൾ ലൈവ് സ്ട്രീം ചെയ്യുന്നതിനും സ്ട്രീമിങ് യൂണിറ്റിനും വേണ്ടി വരുന്ന പ്രതീക്ഷിത തുക | 20.50 |
| 3 | എഡിറ്റിംഗ്, ഗ്രാഫിക്സ്, സബ് ടൈറ്റിൽ, ബി.ജി.എം. പ്രതീക്ഷിത തുക | 3.50 |
| 4 | വാർത്താ പ്രചരണത്തിനായി തയ്യാറാക്കുന്ന കണ്ടന്റ് പോസ്റ്റർ, ഡിസൈൻസ്, പ്രമോ വീഡിയോ, മോണ്ടാഷുകൾ എന്നിവയ്ക്കായുള്ള തുക | 1.50 |
| 5 | കലാരൂപങ്ങളുടെ സ്ക്രിപ്റ്റ്, നറേഷൻ, വോയിസ് ഓവർ, സ്റ്റുഡിയോ റെന്റ് ഇനങ്ങളിലെ പ്രതീക്ഷിത തുക | 1.50 |
| 6 | 220 ഓളം കലാസംഘങ്ങളുടെ അവതരണങ്ങൾ കേരളത്തിന്റെ പലയിടങ്ങളിലായി ചിത്രീകരിക്കുമ്പോൾ 14 ജില്ലകളിൽ നിന്നായുള്ള അവതാരകരുടെ പ്രതിഫലം | 1.68 |
| 7 | 200 ഓളം കലാവിഷ്കാരങ്ങൾ കേരളത്തിന്റെ പലയിടങ്ങളിലായി ചിത്രീകരിക്കുന്നതിനുള്ള സാങ്കേതിക പ്രവർത്തകർ, അവതാരകർ, ഒഫിഷ്യൽസ് എന്നിവരുടെ യാത്രാ, താമസ, ഭക്ഷണം ഇനത്തിലെ ചെലവുകൾ | 3.62 |
| 8 | വിവിധ സ്ഥലങ്ങളിൽ കലാസംഘങ്ങളെ ഏകോപിപ്പിക്കുന്ന കോ-ഓർഡിനേറ്റർമാരുടെ പ്രതിഫലം | 1.20 |
| 9 | ഒരോ ഘട്ടത്തിലേക്ക് ആവശ്യമായ അപ്രതീക്ഷിത ചെലവുകൾ | 0.50 |
| | ആകെ | 100 |

9.<u>സാംസ്കാരിക പൈതൃക ഗ്രാമം (പുതിയ പദ്ധതി)</u>

ബഡ്ജറ്റ് ശീർഷകം :-4202-04-800-82 (പ്ലാൻ)

തുക:-1,00,00,000/- (ഒരു കോടി രൂപ മാത്രം) മാത്രം

സമ്പന്നമായ സാംസ്കാരിക പൈതൃകമുള്ള സ്ഥലങ്ങളിലും പരമ്പരാഗത കരകൗശല വസ്തുക്കളുടെ നിർമ്മാണത്തിൽ ഏർപ്പെട്ടിരിക്കുന്ന ആളുകളിലും പദ്ധതി നടപ്പിലാക്കുന്നതാണ്. പൈതൃക ഗ്രാമങ്ങളിലെ അടിസ്ഥാന സൗകര്യ വികസനത്തോടൊപ്പം കേരളത്തിന്റെ പരമ്പരാഗത കലാപൈതൃകം സംരക്ഷിക്കുകയും വരും തലമുറയ്ക്ക് പ്രചരിപ്പിക്കുകയും ചെയ്യുക എന്നതാണ് പ്രധാന ലക്ഷ്യം. കേരളത്തിന്റെ സമ്പന്നമായ പൈതൃകത്തെ പ്രതിഫലിപ്പിക്കുന്ന നാടൻ പാരമ്പര്യങ്ങളും കലകളും കരകൗശല വസ്തുക്കളും പ്രദർശിപ്പിക്കാനാണ് ഈ പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. നടപ്പ് സാമ്പത്തിക വർഷം താഴെപ്പറയുന്ന പദ്ധതി ഘടകങ്ങൾക്കാണ് തുക വിനിയോഗിക്കേണ്ടത്.

| ക്രമ നം. | ഇനം | എസ്റ്റിമേറ്റ് തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| 1 | പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് ഒരു ഏജൻസിയെ കണ്ടെത്തുന്നതിനും ഡി.പി.ആർ തയ്യാറാക്കുന്നതിന് | 50 |
| 2 | പ്രാരംഭ നിർമ്മാണ ചെലവുകൾ | 40 |
| 3 | മറ്റ് അനുബന്ധ ചെലവുകൾക്ക് | 10 |
| | ആകെ | 100 |

10. കലാകാരന്മാർക്കുള്ള അഭയകേന്ദ്രം (ഹോംസ്റ്റേ/കലാഗ്രാമം) (പുതിയ പദ്ധതി)

ബഡ്ജറ്റ് ശീർഷകം :-4202-04-800-84(പ്ലാൻ)

തുക:-50,00,000/- ( അമ്പത് ലക്ഷം രൂപ മാത്രം) മാത്രം

അശരണരായ കലാകാരന്മാർക്ക് അഭയസ്ഥാനമൊരുക്കുന്നതിനാണ് പദ്ധതി ലക്ഷ്യമിടുന്നത്. ജീവിതം കലയ്ക്കായി ഉഴിഞ്ഞുവയ്ക്കുകയും ഒടുവിൽ ആരോഗ്യം ക്ഷയിച്ച് ഒറ്റപ്പെട്ട് പോകുന്ന കലാകാരന്മാർക്ക് ഈ പദ്ധതി വഴി താങ്ങും തണലും നൽകാനാവും. ജീവിത സായാഹ്നത്തിൽ ഒറ്റപ്പെട്ടുപോകുന്ന കലാകാരന്മാർക്കും കരകൗശല വിദഗ്ധർക്കും അഭയസ്ഥാനമൊരുക്കി അവർക്ക് സുസ്ഥിരമായ ഉപജീവന മാർഗം വികസിപ്പിക്കുവാനാണ് പദ്ധതി ലക്ഷ്യമിടുന്നത്. ഭക്ഷണം, താമസം, കലാപരിപാടികൾ തുടങ്ങിയ എല്ലാവിധ സൗകര്യങ്ങളും അഭയകേന്ദ്രം ലഭ്യമാക്കുന്നതാണ്.

പദ്ധതിയുടെ ആദ്യ ഘട്ടത്തിനായി അനുവദിച്ചിട്ടുള്ള 50 ലക്ഷം രൂപനടപ്പ് സാമ്പത്തിക വർഷം താഴെപ്പറയുന്ന പദ്ധതി ഘടകങ്ങൾക്കായി വിനിയോഗിക്കേണ്ടതാണ്.

| ക്രമ നം | ഇനം | എസ്റ്റിമേറ്റ് തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| 1 | പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് ഒരു ഏജൻസിയെ കണ്ടെത്തുന്നതിനും ഡി.പി.ആർ തയ്യാറാക്കുന്നതിന് | 40 |
| 2 | മറ്റ് അനുബന്ധ ചെലവുകൾക്ക് | 10 |
| | ആകെ | 50 |

11.സ്വാതന്ത്ര്യസ്മൃതി പാർക്ക് (പുതിയ പദ്ധതി)

ബഡ്ജറ്റ് ശീർഷകം :-4202-04-800-83(പ്ലാൻ)

തുക:-60,00,000/- (അറുപത് ലക്ഷം രൂപ മാത്രം) മാത്രം

ഭാരതം, സ്വാതന്ത്ര്യത്തിന്റെ അമൃതോത്സവം ആഘോഷിക്കുന്ന അവസരത്തിൽ സംസ്ഥാനത്തിന്റെ അതിരുകൾക്കുള്ളിൽ നിന്ന് സ്വാതന്ത്ര്യത്തിനുവേണ്ടി ആത്മാഹുതി ചെയ്ത ധീരദേശാഭിമാനികളുടെ സ്മരണ നിലനിർത്തുന്നതിന് അവർക്കായി തെക്കൻ കേരളത്തിലും വടക്കൻ കേരളത്തിലും ധീരദേശാഭിമാനികളെ അനുസ്മരിപ്പിക്കുന്ന പാർക്കുകൾ നിർമ്മിക്കുന്നതാണ്. തിരുവനന്തപുരം , കോഴിക്കോട് ജില്ലകളിലാണ് പാർക്ക് നിർമ്മിക്കാൻ ഉദ്ദേശിക്കുന്നത്. ഈ സാമ്പത്തിക വർഷം ഒരു അക്രഡിറ്റഡ് ഏജൻസിയെ കണ്ടെത്തി കോഴിക്കോട് ജില്ലയിൽ ഒരു സ്വാതന്ത്ര്യ സ്മൃതി പാർക്ക് 60 ലക്ഷം ചെലവഴിച്ച് നിർമ്മിക്കുന്നതിനുള്ള പദ്ധതി സംബന്ധിച്ച് നിർമ്മാണ പ്രവർത്തനങ്ങൾക്കായി പ്രത്യേക ഭരണാനുമതി വാങ്ങേണ്ടതാണെന്ന നിബന്ധനയിൽ ചുവടെ ചേർത്തിരിക്കുന്ന വിവിധ ഘടകങ്ങൾക്കായി തുക വിനിയോഗിക്കേണ്ടതാണ്.

| ക്രമ നം. | ഇനം | എസ്റ്റിമേറ്റ് തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| 1 | സ്ഥലം കണ്ടെത്തി ഏറ്റെടുക്കുന്നതിനും, എസ്റ്റിമേറ്റ് തയ്യാറാക്കി (അക്രഡിറ്റഡ് ഏജൻസിയെകൊണ്ട്) പാർക്ക് നിർമ്മിക്കുന്നതിനും | 55 |
| 2 | മറ്റിനങ്ങൾ | 5 |
| | ആകെ | 60 |

1. പദ്ധതി നടത്തിപ്പിലേയ്ക്ക് നടപടിക്രമങ്ങളും ചട്ടങ്ങളും വ്യവസ്ഥകളും നിർബന്ധമായും പാലിക്കേണ്ടതാണ്.

2. പദ്ധതി ഘടകങ്ങൾക്കുള്ള തുക ബന്ധപ്പെട്ട നിർവ്വഹണ ഏജൻസിയ്ക്ക് നൽകുന്നതിന് സാംസ്കാരിക വകുപ്പ് ഡയറക്ടർക്ക് അനുമതി നൽകുന്നു. ആവശ്യകതയ്ക്കനുസരിച്ച് മാത്രമേ തുക പിൻവലിക്കാൻ പാടുള്ളൂ.

3. തുകയുടെ ശരിയായ വിനിയോഗം യഥാസമയങ്ങളിൽ സാംസ്കാരിക വകുപ്പ് ഡയറക്ടറും ബന്ധപ്പെട്ട് പദ്ധതി നിർവ്വഹണ ഏജൻസിയും മേൽനോട്ടം വഹിക്കേണ്ടതും പദ്ധതി പൂർത്തീകരിക്കുമ്പോൾ ധനവിനിയോഗ സാക്ഷ്യപത്രവും വിശദമായ ധനവിനിയോഗ പത്രികയും സർക്കാരിൽ സമർപ്പിക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ജനാർദ്ദനൻ കെ

അഡിഷണൽ സെക്രട്ടറി

(ഒപ്പ്)

ഡയറക്ടർ,സാംസ്കാരിക വകുപ്പ്

മാനേജിംഗ് ഡയറക്ടർ,കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപറേഷൻ

എക്സിക്യൂട്ടീവ് ഡയറക്ടർ, വാസ്തുവിദ്യ ഗുരുകലം

മെമ്പർ സെക്രട്ടറി, ഭാരത് ഭവൻ

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) ,തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ & ഇ) ,കേരള, തിരുവനന്തപുരം

ഡയറക്ടർ,സംസ്ഥാന ഓഡിറ്റ് വകുപ്പ്

ചീഫ്, സോഷ്യൽ സർവ്വീസസ് ഡിവിഷൻ,സംസ്ഥാന ആസൂത്രണ ബോർഡ്,തിരുവനന്തപുരം

ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം

സബ് ട്രഷറി ഓഫീസർ, പ്രിൻസിപ്പൽ സബ് ട്രഷറി, ഫോർട്ട്,തിരുവനന്തപുരം

ധനകാര്യ (വിദ്യാഭ്യാസം-സി) വകുപ്പ്

സാംസ്കാരികകാര്യ (ബി) വകുപ്പ് ( 17.05.2022-ലെ 76/ബി3/2022-സാം.കാ.വ നമ്പർ കുറിപ്പ് പ്രകാരം)

കരുതൽ ഫയൽ/ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ